## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1535 — 15/06/2012-ൽ മറുപടിക്ക്

## ആശ്രയ വിഭാഗത്തിൽപ്പെട്ടവരുടെ പുനരധിവാസം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എസ്.ശർമ്മ | | ഡോ. എം. കെ. മുനീർ<br>പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി |
| (എ) നിരാലംബരും അവിവാഹിതരായ അമ്മമാരും അടങ്ങുന്ന ആശ്രയ വിഭാഗത്തിൽപ്പെട്ടവരുടെ പുനരധിവാസത്തിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | (എ) | നിരാലംബരും അവിവാഹിതരായ അമ്മമാരും ഉൾപ്പെടുന്ന അഗതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളെ സഹായിക്കുകയാണ് ആശ്രയ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.<br>മനുഷ്യ ജീവിതത്തിന് ഒഴിച്ചുകൂടാനാവാത്ത അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, ചികിത്സ തുടങ്ങിയവയും അടിസ്ഥാന സൗകര്യങ്ങളായ വീട്, ശുദ്ധജലം, ശുചിത്വ സംവിധാനം തുടങ്ങിയവയും അടിസ്ഥാന അവകാശങ്ങളായ വിദ്യാഭ്യാസം, തൊഴിലവസരങ്ങൾ, വ്യക്തിത്വ വികസനം, തുടങ്ങിയവയും ഇവർക്ക് ആശ്രയ പദ്ധതിയിലൂടെ ലഭ്യമാക്കുന്നുണ്ട്.<br>ഓരോ കുടുംബത്തിനും ആവശ്യമായ. പരിചരണസേവനങ്ങളുടെ പാക്കേജുകൾ മൂന്നു വർഷത്തേയ്ക്കാണ് തയ്യാറാക്കുന്നത്. ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ, സ്പോൺ സർഷിപ്പ് തുടങ്ങിയവയിലൂടെ ആവശ്യ മായ ഫണ്ട് കണ്ടെത്തുന്നു. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളുടെ സംയോജനത്തിലൂടെ ഇവർക്ക് ആവശ്യ മായ സേവനം ലഭ്യമാക്കുന്നുണ്ട്.<br>ഒരു തദ്ദേശഭരണ സ്ഥാപനത്തിന്റെ ആകെ അടങ്കൽ തുകയുടെ 40% അല്ലെങ്കിൽ 15 ലക്ഷം രൂപവരെ ചലഞ്ച് ഫണ്ടായി കുടുംബശ്രീ നൽകുന്നുണ്ട്.<br>ആശ്രയ പദ്ധതി നിർവ്വഹണം പൂർത്തീകരിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അർഹരായിട്ടുള്ള ആശ്രയ ഗുണഭോക്താക്കൾക്ക് തുടർസേവനം നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. കൂടാതെ ആശ്രയ ഗുണഭോക്താക്കൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ഉൾപ്പെടെയുള്ള ജീവനോപാധികൾ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) വൈപ്പിനിൽ ആശ്രയ വിഭാഗത്തിൽപ്പെട്ടവരുടെ പുനരധിവാസത്തിന് ഈ സർക്കാർ അധികാരമേറ്റശേഷം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ബി) | വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് 5 ഗ്രാമ പഞ്ചായത്തുകളാണുള്ളത്. ഇതിൽ നായരമ്പലം ഗ്രാമ പഞ്ചായത്തിന്റെ ആശ്രയ പദ്ധതിക്ക് 17/12/11 ൽ അംഗീകാരം നൽകിയിട്ടുണ്ട്. |

മറ്റ് 4 ഗ്രാമ പഞ്ചായത്തുകളിൽ ആശ്രയ പദ്ധതി പ്രകാരം ലഭ്യമാക്കിയിട്ടുള്ള സേവനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>എടവനക്കാട്</u> – ആകെ ആശ്രയ കുടും ബങ്ങൾ – 90, ഇതിൽ 6 കുടുംബങ്ങൾ മരണ പ്പെട്ടതിനാൽ ഒഴിവാക്കപ്പെട്ടു.

ആശ്രയ പദ്ധതി പ്രകാരം നൽകിയ സേവനങ്ങൾ

അരി – 77 കുടുംബങ്ങൾക്ക്
പോഷകാഹാര കിറ്റ് – 84 കുടുംബങ്ങൾക്ക്
വീട് – 11 കുടുംബങ്ങൾക്ക്
ടോയ്‌ലറ്റ് – 2 കുടുംബങ്ങൾക്ക്
വസ്ത്രം – 84 കുടുംബങ്ങൾക്ക്
(ഓണത്തിനോടനുബന്ധിച്ച്) കൗൺസിലിംഗ് ക്യാമ്പ് – ഒറ്റത്തവണ

2. <u>കുഴുപ്പിള്ളി</u> –ആകെ ആശ്രയ കുടും ബങ്ങൾ – 58.

ആശ്രയ പദ്ധതി പ്രകാരം നൽകിയ സേവനങ്ങൾ

അരി – 58 കുടുംബങ്ങൾക്ക്
പോഷകാഹാര കിറ്റ് – 58 കുടുംബങ്ങൾക്ക്
വീട് – 2 കുടുംബങ്ങൾക്ക്

3. <u>ഞാറയ്ക്കൽ</u> – ആകെ ആശ്രയ കുടും ബങ്ങൾ – 101

ആശ്രയ പദ്ധതി പ്രകാരം നൽകിയ സേവനങ്ങൾ

അരി – 101 കുടുംബങ്ങൾക്ക്
പോഷകാഹാര കിറ്റ് – 101 കുടുംബങ്ങൾക്ക്
വീട് മെയിന്റനൻസ് – 10 കുടുംബങ്ങൾക്ക്
പഠനസഹായം – 40 കുട്ടികൾക്ക്
വസ്ത്രം – 15 കുടുംബങ്ങൾക്ക്

4. <u>പള്ളിപ്പുറം</u>

ആകെ ആശ്രയ കുടുംബങ്ങൾ – 134

ആശ്രയ പദ്ധതി പ്രകാരം നൽകിയ സേവനങ്ങൾ

അരി – 134 കുടുംബങ്ങൾക്ക്
പോഷകാഹാര കിറ്റ് –134 കുടുംബങ്ങൾക്ക്
പഠനസഹായം – 36 കുട്ടികൾക്ക്

സെക്ഷൻ ഓഫീസർ